LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1-4-2013-നോ അതിന് ശേഷമോ സർവ്വീസിൽ പ്രവേശിച്ച ദേശീയ പെൻഷൻ പദ്ധതിയിൽ അംഗങ്ങളായ ജീവനക്കാരിൽനിന്നും 18,17,84,634 (പതിനെട്ടു കോടി പതിനേഴ് ലക്ഷത്തി എൺപത്തി നാലായിരത്തി അറുന്നൂറ്റി മുപ്പത്തിനാല്) രൂപ 28-2-2015 വരെ ശേഖരിച്ചിട്ടുണ്ട്.

(ബി) ഇതിൽ പങ്കാളിത്ത ഇനത്തിൽ സർക്കാർ 18,17,84,634 (പതിനെട്ടു കോടി പതിനേഴ് ലക്ഷത്തി എൺപത്തി നാലായിരത്തി അറുന്നൂറ്റി മുപ്പത്തിനാല്) രൂപ 28-2-2015 വരെ നിക്ഷേപിച്ചിട്ടുണ്ട്.

(സി&ഡി) ദേശീയ പെൻഷൻ പദ്ധതിയിലെ ഫണ്ട് നിക്ഷേപവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചും 14-8-2008-ലെ കേന്ദ്ര സർക്കാരിലെ 5 (88) 2006 പി.ആർ. എന്ന നോട്ടിഫിക്കേഷൻ പ്രകാരവും എസ്.ബി.ഐ. പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.ടി.ഐ. റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി. പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നീ ഫണ്ട് മാനേജർമാർ മുഖേന ഗവൺമെന്റ് സെക്യൂരിറ്റികൾ, ടേം ഡെപ്പോസിറ്റുകൾ, റൂപ്പീ ബോണ്ടുകൾ, മണി മാർക്കറ്റ് ഇൻസ്ട്രുമെന്റുകൾ, കമ്പനി ഷെയറുകൾ എന്നീ വിഭാഗങ്ങളിലാണ് ദേശീയ പെൻഷൻ പദ്ധതിയിലെ പെൻഷൻ ഫണ്ട് നിക്ഷേപിക്കുന്നത്. പെൻഷൻ ഫണ്ടിലേക്ക് 28-2-2015 വരെ ജീവനക്കാരന്റെ വിഹിതവും സർക്കാർ വിഹിതവും ചേർത്ത് 36,35,69,268 (മുപ്പത്തിയാറ് കോടി മുപ്പത്തിയഞ്ച് ലക്ഷത്തി അറുപത്തിയൊൻപതിനായിരത്തി ഇരുന്നൂറ്റി അറുപത്തിയെട്ട്) രൂപ നൽകിയിട്ടുണ്ട്. ദേശീയ പെൻഷൻ പദ്ധതിയിലെ പെൻഷൻ ഫണ്ട് നിക്ഷേപം സംബന്ധിച്ചുള്ള കേന്ദ്ര സർക്കാർ നോട്ടിഫിക്കേഷനിൽ സംസ്ഥാന ട്രഷറി ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ദേശീയ പെൻഷൻ ഫണ്ട് സംസ്ഥാന ട്രഷറിയിൽ നിക്ഷേപിച്ചിട്ടില്ല.

സാമ്പത്തിക പ്രതിസന്ധി

166 (512) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ സർക്കാർ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയാണോ ; എങ്കിൽ നിലവിലെ സാമ്പത്തിക സ്ഥിതി എന്താണ് എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ ഓർഡിനൻസുകൾ വഴിയും മറ്റ് സർക്കാർ ഉത്തരവുകൾ വഴിയും എത്ര കോടി രൂപയുടെ അധിക നികുതി പൊതുജനങ്ങളിൽ നിന്നും പിരിച്ചെടുക്കുവാനാണ് ലക്ഷ്യമിട്ടത് ; ആയത് പ്രകാരം എത്ര കോടി രൂപ ഇത്തരത്തിൽ 2015 ജനുവരി 31 വരെ പിരിച്ചെടുക്കുവാൻ സാധിച്ചു ; ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇപ്പോൾ വന്നിട്ടുള്ള ഈ സാമ്പത്തിക പ്രതിസന്ധി മറികടക്കാനായി മുഖ്യമന്ത്രി ഉൾപ്പെടെയുള്ള കാബിനറ്റ് റാങ്കുള്ളവർ പ്രതിമാസം എത്ര യുക വീതം തിരിച്ചു നൽകാൻ തീരുമാനിച്ചുവെന്നും ആയതു പ്രകാരം 2015 ജനുവരി 31 വരെ ആകെ എത്ര യുക ഇത്തരത്തിൽ ഓരോരുത്തരും നൽകിയെന്നും വ്യക്തമാക്കുമോ ;

(ഡി) ചെലവ് ചുരുക്കലിന്റെ ഭാഗമായി പ്രസ്തുത തീരുമാനം മുഖ്യമന്ത്രി ഉൾപ്പെടെയുള്ള കാബിനറ്റ് റാങ്കുള്ളവർ എടുത്തതിനുശേഷം പ്രസ്തുത വ്യക്തികൾ ഓരോരുത്തരും വിദേശയാത്ര, യാത്രാപടി, പുതിയ കാറുകൾ, വീടുകളുടെ അറ്റകുറ്റപ്പണി എന്നിവയ്ക്കായി 2015 ജനുവരി 31 വരെ സംസ്ഥാന ഖജനാവിൽ നിന്നും എത്ര യുക വീതം ഓരോരുത്തരും കൈപ്പറ്റിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നിലവിലില്ല. നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ച കൈവരിക്കാൻ കഴിയാത്തതിനാലും കേന്ദ്ര നികുതി വരുമാനത്തിലുണ്ടായ കുറവിനാലും വിവിധ അടിസ്ഥാന ചെലവിനങ്ങൾക്ക് വൻതോതിൽ പണം ചെലവിടേണ്ടി വരുന്നതിനാലും നേരിയ തോതിൽ സാമ്പത്തിക ഞെരുക്കം നേരിടുന്നുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ 2015 ജനുവരി 31 വരെയുള്ള പ്രാഥമിക കണക്കുകൾ പ്രകാരം 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 44971.34 കോടി രൂപയാണ്. ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ലഭിച്ച 38014.94 കോടി രൂപയേക്കാൾ 18.29% കൂടുതലാണ്. ഇതേ കാലയളവിലെ റവന്യൂ ചെലവ് 54469.46 കോടി രൂപയാണ്. ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ചെലവായ 41806.10 കോടി രൂപയേക്കാൾ 30.29% കൂടുതലാണ്. 2015 ജനുവരി 31 വരെയുള്ള മൂലധനച്ചെലവ് (വായ്പകളും മുൻകൂറുകളും ഉൾപ്പെടെ) 3463.05 കോടി രൂപയാണ്. റിസർവ് ബാങ്കിന്റെ കണക്കുകൾ പ്രകാരം 28-2-2015-ൽ ട്രഷറി ബില്ലുകളിലായി 494.69 കോടി രൂപ നിക്ഷേപമുണ്ട്.

(ബി) എല്ലാത്തരം ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റേയും നികുതി 20 ശതമാനം വർദ്ധിപ്പിച്ചു. ഇതുവഴി 1130 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. ബിയർ, വൈൻ എന്നിവയുടെ നികുതി 50 ശതമാനത്തിൽനിന്നും 70 ശതമാനമായി വർദ്ധിപ്പിച്ചു. 100 കോടി രൂപ അധിക വരുമാനം ഇതിൽനിന്നും പ്രതീക്ഷിക്കുന്നു. സിഗറ്റിനുമേലുള്ള നികുതി 22 ശതമാനത്തിൽനിന്നും 30 ശതമാനമായി വർദ്ധിപ്പിക്കാനും ഇതിൽ 3 ശതമാനം കാൻസർ രോഗികളുടെ സംരക്ഷണത്തിന് വിനിയോഗിക്കുവാനും തീരുമാനിച്ചു. പ്രതിവർഷം 264 കോടി രൂപ പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലകുറയുന്നതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി ന്യൂട്രലാക്കി നിർത്തുന്നതിനായി നിരക്ക് 26.21 ശതമാനത്തിൽനിന്നും 26.92 ശതമാനമായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിലൂടെ 112 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഇതിലൂടെ 520 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. തന്മൂലം യഥാക്രമം 78 കോടി രൂപയുടേയും 3 കോടി രൂപയുടേയും അധിക വരുമാനം പ്രതീക്ഷിക്കുന്നു. ആഢംബര വാഹനങ്ങളുടെ നികുതി വർദ്ധിപ്പിച്ചതിലൂടെ 50 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. കെട്ടിടങ്ങളുടെ ഒറ്റത്തവണ നികുതി/ആഢംബര നികുതി എന്നിവ വർദ്ധിപ്പിച്ചതിലൂടെ 150 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പ് ഒഴികെ എല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും 15 ശതമാനം മുതൽ 50 ശതമാനം വരെ വർദ്ധിപ്പിച്ചിട്ടുണ്ട്. 350 കോടി രൂപയുടെ അധിക വരുമാനമാണ് ഇതിലൂടെ പ്രതീക്ഷിക്കുന്നത്. നികുതി സമാഹരണത്തിനായി കൈക്കൊണ്ട മേൽ നടപടികളുടെ ഫലം ലഭ്യമായിത്തുടങ്ങുന്നതേയുള്ളൂ.

(സി) സാമ്പത്തിക പ്രതിസന്ധി/പ്രയാസം മറികടക്കുന്നതിനായി മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും സെപ്റ്റംബർ 2014 മുതൽ 2015 മാർച്ച് വരെയുള്ള തങ്ങളുടെ ശമ്പളത്തിൽനിന്ന് 20% കുറവ് വരുത്താൻ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി നാളിതുവരെ 11,97,840 രൂപ തിരിച്ചുനൽകിയിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

ആസ്തി വികസന പദ്ധതിയിൽ കെ.എസ്.ആർ.ടി.സി.-ക്ക് ബസുകൾ

167 (513) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ.-മാരുടെ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി കെ.എസ്.ആർ.ടി.സി.-ക്ക് ബസുകൾ വാങ്ങുന്നതിന് അംഗീകാരം ലഭ്യമായിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച ഗവൺമെന്റ് ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി കെ.എസ്.ആർ.ടി.സി.-ക്ക് ബസ് വാങ്ങിയിട്ടുള്ള മണ്ഡലങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly